## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**17.02.2016 - ൽ മറുപടിക്ക്.**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**
**നമ്പർ : 2168**

## വ്യവസായ മേഖലയുടെ വികസനം

**മറുപടി**

ചോദ്യം
ശ്രീ. സി. എഫ്. തോമസ്,
ശ്രീ. തോമസ് ഉണ്ണിയാടൻ.

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയുടെ വികസനത്തിനും നൂതന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ ;

(എ) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയുടെ വികസനത്തിനും നൂതന വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും കൂടുതൽ നിക്ഷേപം ഈ മേഖലയിൽ ഉറപ്പാക്കുന്നതിനും സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികൾക്കായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, ജില്ലകൾതോറും നിക്ഷേപക സംഗമം, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, നൈപുണ്യ വികസന പദ്ധതി തുടങ്ങിയ പരിപാടികളും നടത്തി വരുന്നു. ബ്ലോക്ക്-താലൂക്ക്-മുനിസിപ്പാലിറ്റി-ജില്ലാ തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടി, നിക്ഷേപകരുടെ മേളകൾ, സൂക്ഷ്മ-ചെറുകിട-ഇടത്തരം ഉത്പാദകരുടെ ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ തുടങ്ങിയവയും നടത്തി വരുന്നു.

ബിസിനസ് ടു ബിസിനസ് മീറ്റ്, എമർജിങ് കേരള തുടങ്ങിയ പരിപാടികളിലൂടെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനും, ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തും വിപണന

അവസരങ്ങൾ കണ്ടെത്തുന്നതിനും സാധിച്ചു. വ്യവസായ ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് ജില്ലാ / സംസ്ഥാന തലങ്ങളിൽ ഏകജാലക സംവിധാനം പ്രവർത്തിച്ചു വരുന്നു.

സംസ്ഥാനത്തെ വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിൽ, ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡ്, ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയായ "വി മിഷൻ കേരള" -യുടെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണ മീറ്റിങ്ങ്, വ്യവസായ യൂണിറ്റ് സന്ദർശനം എന്നിവ സംഘടിപ്പിച്ചു. കൂടാതെ നവംബർ 19-ന് കൊച്ചിയൽ വനിത സംരംഭകത്വ സമ്മേളനം 'WE summit 2015, WE CAN' എന്ന പേരിൽ സംഘടിപ്പിച്ചു. കേരളത്തിലെ വിദ്യാർത്ഥി/യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായങ്ങൾ നൽകുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും 2014 സെപ്റ്റംബർ 12-ന് യുവ സംരംഭക സംഗമം (YES) സംഘടിപ്പിച്ചു. ഇതിന്റെ രണ്ടാം പതിപ്പായി 'യെസ് ക്യാൻ 2015' എന്ന പേരിൽ ഒരു യുവസംരംഭക സംഗമവും നടത്തി.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗ്ലോബൽ ആയുർവേദ വില്ലേജ്- തിരുവനന്തപുരം, മെഗാഫുഡ് പർക്ക്-പാലക്കാട്, ഡിഫൻസ് പാർക്ക്-ഒാറ്റപ്പാലം, ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്റർ- കാക്കനാട്, അന്താരാഷ്ട്ര ട്രേഡ് കൺവെൻഷൻ സെന്റർ-കാക്കനാട്, ഫുട് വെയർ ക്ലസ്റ്റർ-രാമനാട്ടുകര, സ്പൈസസ് പാർക്ക്-തൊട്ടുപുഴ തുടങ്ങിയ പദ്ധതികളും വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.

ഖാദി ഗ്രാമ വ്യവസായ മേഖലയുടെ ഉന്നതിക്കായി 1010/- ലക്ഷം രൂപ മുടക്കി പ്രത്യേക തൊഴിൽദാന പദ്ധതിയും 4134/- ലക്ഷം രൂപ മുടക്കി പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയും 50/- ലക്ഷം രൂപ മുടക്കി മൺപാത്ര നിർമ്മാണ പദ്ധതി, 20/- ലക്ഷം രൂപ മുടക്കി തേനീച്ച കർഷക പ്രോത്സാഹന പരിപാടിയും നടപ്പിലാക്കി.

ഖാദി മേഖലയുടെ ആധുനിക വൽക്കരണത്തിന് 29.46/- കോടി രൂപയുടെ പദ്ധതിയും നടപ്പിലാക്കി വരുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഖാദി ക്ലസ്റ്റർ എന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

| | |
|---|---|
| (ബി) ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സംസ്ഥാന ത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുന്നതിലും കൈവരിക്കാൻ കഴിഞ്ഞ നേട്ട ങ്ങൾ എന്തെല്ലാമെന്ന് വ്യക്ത മാക്കുമോ ? | (ബി) : ഇതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 1026865/- രൂപ മുതൽ മുടക്കിൽ വിവിധ മേഖലകളിൽ 71135 വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് 4,23,707 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നിന് കഴിഞ്ഞിട്ടുണ്ട്. ഖാദി വ്യവസായ മേഖലയിൽ 3,522 പുതിയ സംരംഭങ്ങൾ തുടങ്ങുവാനും അതിലൂടെ 7986 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ 255 വ്യവസായ സംരംഭങ്ങളിലൂടെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ 756.96 കോടി രൂപയുടെ നിക്ഷേപവും 12,983 തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു. കൂടാതെ കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള പുതിയ പദ്ധതികൾ പ്രവർത്തന സജ്ജമാകുമ്പോൾ 2500/- കോടിയുടെ നിക്ഷേപവും 12700 തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.<br>സിഡ്കോ, കൈത്തറി ഡയറക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരം ശേഖരിച്ച നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.